## പതിനാലാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2132** **18.07.2016 ലെ മറുപടിയ്ക്ക്**

### എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2016 മെയ് മാസത്തെ ശമ്പളം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; | (എ) | 29.1.2016 ലെ സ.ഉ. (പി) 29/2016 പ്രകാരമുള്ള തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടമായ സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2016 മെയ് മാസം മുതൽ ശമ്പളം ലഭിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. |
| (ബി) | ഏത് വിഭാഗത്തിൽപ്പെട്ടവർക്കാണ് ശമ്പളം തടഞ്ഞിട്ടുള്ളത് ; | (ബി) | 29.1.2016 ലെ സ.ഉ. (പി) 29/2016 പ്രകാരമുള്ള തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടമായ സംസ്ഥാനത്തെ എല്ലാ വിഭാഗം അദ്ധ്യാപകരുടെയും ശമ്പളം തടയപ്പെട്ടിട്ടുണ്ട്. |
| (സി) | 2016 ഏപ്രിൽ മാസം വരെ ശമ്പളം ലഭിച്ച എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കാണ് മെയ് മാസം മുതൽ ശമ്പളം നിഷേധിക്കപ്പെട്ടത് ; | (സി) | കണക്കുകൾ ശേഖരിച്ചുവരുന്നു. |
| (ഡി) | 1997 ജൂലൈ 15 ന് മുമ്പ് നിയമിച്ച അദ്ധ്യാപകർക്ക് ലഭിച്ചിരുന്ന ജോലി സുരക്ഷിതത്വം നിലവിലുണ്ടോ ; | (ഡി) | 29.1.2016 ലെ 29/2016/പൊവിവ യുടെ ഖണ്ഡിക I (3) പ്രകാരം മുൻകാല സംരക്ഷിത ഉത്തരവുകൾവഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകർക്കും/ അനദ്ധ്യാപകർക്കും സംരക്ഷണം തുടർന്നും ലഭിക്കുന്നതാണ്. |
| (ഇ) | എങ്കിൽ പ്രസ്തുത വിഭാഗക്കാരുടെ ശമ്പളം തടഞ്ഞിട്ടുണ്ടോ? | (ഇ) | 29.1.2016 ലെ 29/2016/പൊവിവ ഉത്തരവിന്റെ ഖണ്ഡിക III (4) (ബി) യിൽ, സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപകരുടെ ശമ്പള വിതരണം അവർ പുനർവിന്യസിക്കപ്പെടുന്നമുറയ്ക്ക് സ്പാർക്കിലൂടെ നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ